പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 719 03.12.2014 - ൽ മറുപടിക്ക്

**ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവരും നഴ്സുമാരുടെ ഒഴിവുകളും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജെയിംസ് മാത്യൂ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവർ എത്രയാണെന്നും, അതിൽ ഇപ്പോഴും തൊഴിൽ രഹിതരായി കഴിയുന്നവർ എത്രയാണെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | എ) വിവരം ലഭ്യമല്ല. |
| ബി) | സർക്കാർ മേഖലയിലുള്ള ആശുപത്രികളിലും മറ്റുമായി മൊത്തം എത്ര നഴ്സുമാർ ജോലി നോക്കുന്നുണ്ട് ; സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; | ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ജോലി നോക്കുന്ന<br>സ്റ്റാഫ് നഴ്സുമാരുടെ എണ്ണം - 1438<br>സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ - 831<br>ഈ ഒഴിവുകളിൽ താൽക്കാലികമായി ബോണ്ടഡ് നഴ്സുമാരെ നിയോഗിച്ചിരിക്കുന്നു. ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.<br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ആകെ 7517 നഴ്സുമാർ ജോലി ചെയ്തു വരുന്നു.<br>സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ - 543 |
| സി) | സംസ്ഥാനത്ത് പ്രതിവർഷം ബി.എസ്.സി നഴ്സിംഗ് കോഴ്സ് കഴിഞ്ഞ് പുറത്തുവരുന്നവർ എത്രയാണ് ? | സി) ബി.എസ്.സി. നഴ്സിംഗ് കോഴ്സ് യോഗ്യത നേടിയവർ താഴെപ്പറയും പ്രകാരം കെ.എൻ.എം.സി. യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2009 -- 2633 എണ്ണം<br>2010 -- 2919 എണ്ണം<br>2011 -- 3354 എണ്ണം<br>2012 -- 2879 എണ്ണം<br>2013 -- 3164 എണ്ണം |

സെക്ഷൻ ഓഫീസർ